(ബി) ഇല്ല.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഡി) കേരളത്തിൽ ഒരു ഐ.ഐ.റ്റി. സ്ഥാപിക്കണമെന്നതു സംബന്ധിച്ച ഒരു "അപ്രോച്ച് പേപ്പർ" ഗവൺമെന്റ് തയ്യാറാക്കുകയും മുൻ പ്രധാനമന്ത്രിക്കും മാനവശേഷി മന്ത്രാലയത്തിനും സമർപ്പിക്കുകയുമുണ്ടായി. മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ഇതു സംബന്ധിച്ച് കത്തുകളെഴുതുകയും കേന്ദ്ര മാനവശേഷി വികസനമന്ത്രിയെ നേരിൽ കണ്ട് നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള നിയമസഭ 9-7-2004-ൽ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പുതുതായി ഒരു ഐ.ഐ.റ്റി. തുടങ്ങണമെന്ന ആവശ്യം കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

മാതൃഭാഷാ പഠനം പ്രോൽസാഹിപ്പിക്കാൻ നടപടി

22 [2239] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പരീക്ഷയിൽ മാതൃഭാഷയായ മലയാളം രണ്ടാം ഭാഷയായി എടുക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു ഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്രയും മാർക്ക് നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാതൃഭാഷാ പഠനം പ്രോൽസാഹിപ്പിക്കുന്നതിനായി ഈ ന്യൂനതയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഹയർ സെക്കണ്ടറി പരീക്ഷയിൽ മാതൃഭാഷയായ മലയാളം രണ്ടാം ഭാഷയായി എടുക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു ഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്രയും മാർക്ക് നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്കൂളുകളിൽ കംപ്യൂട്ടർ പഠനത്തിനുള്ള സൗകര്യം

23 [2240] ശ്രീ. തോമസ് ചാഴികാടൻ:
" കെ. നാരായണക്കുറുപ്പ്:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കംപ്യൂട്ടർ പഠനത്തിനുള്ള സൗകര്യം അപര്യാപ്തമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly